(ബി) അവയിൽ ഗവൺമെൻറ് മേഖലയിൽ എത്ര, സ്വകാര്യ മേഖലയിൽ എത്ര;

(സി) ഈ കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച് പൊതുവായ മാനദണ്ഡം വല്ലതും സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് ഗവൺമെൻറ് വല്ല നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) വിദ്യാർത്ഥികൾക്ക് ഗവൺമെൻറ് ഹോമിയോ മെഡിക്കൽ കോളേജുകളിലെ പ്രവേശനത്തിനുള്ള എൻട്രൻസ് പരീക്ഷ സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്ക് ബാധകമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ആറ് ഹോമിയോ കോളേജുകൾ (ഡിഗ്രി കോളേജുകൾ മൂന്നും ഡിപ്ലോമ കോളേജുകൾ മൂന്നും)

(ബി) ഗവൺമെൻറ് മേഖലയിൽ 2

സ്വകാര്യമേഖലയിൽ 4

(സി) ഗവൺമെൻറ് കോളേജുകളിൽ ഡിഗ്രി കോഴ്സിനും എൻട്രൻസ് ടെസ്റ്റ് മുഖേന വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നു. ഡിപ്ലോമ കോഴ്സ് നടത്തുന്ന സ്വകാര്യ കോളേജുകളിലും ഡിഗ്രികോഴ്സ് നടത്തുന്ന സ്വകാര്യ കോളേജിലും ഗവൺമെൻറ് രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റിയാണ് പ്രവേശനം നടത്തുന്നത്.

(ഡി) ഡോക്ടർ പടിയാർ മെമ്മോറിയൽ ഹോമിയോ കോളേജ് ഒഴികെയുള്ള സ്വകാര്യ ഹോമിയോ കോളേജുകളിൽ ഗവൺമെൻറ് രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റിയാണ് പ്രവേശനം നടത്തുന്നത്.

(ഇ) ഇല്ല.

## സ്വാതന്ത്ര്യ സമര പെൻഷൻ

* 119 (121) ശ്രീ. പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പേർക്ക് സ്വാതന്ത്ര്യസമരപെൻഷൻ അനുവദിച്ചിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പെൻഷൻ വ്യവസ്ഥയിൽ വല്ല മാറ്റവും വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അർഹതപ്പെട്ട പലർക്കും പെൻഷൻ അനുവദിക്കുന്നില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 10,273 പേർക്ക് സംസ്ഥാനപെൻഷൻ അനുവദിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 1750 |
| കൊല്ലം | 1027 |
| പത്തനംതിട്ട | 101 |
| ആലപ്പുഴ | 1365 |
| എറണാകുളം | 333 |
| തൃശ്ശൂർ | 565 |
| കോട്ടയം | 108 |
| ഇടുക്കി | 96 |
| പാലക്കാട് | 426 |
| മലപ്പുറം | 1815 |
| കോഴിക്കോട് | 995 |
| കണ്ണൂർ | 1425 |
| വയനാട് | 38 |
| കാസർകോട് | 209 |
| | 10273 |

(സി) പെൻഷൻ സ്കീമാക്കിയുടനിയാക്കാനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

(ഡി) ജില്ലാകളക്ടർമാരാണ് സംസ്ഥാന പെൻഷൻ അനുവദിക്കുന്നത്. ആവശ്യമായ തെളിവുകളോടെ അപേക്ഷിക്കുന്ന അർഹരായവർക്ക് എല്ലാം പെൻഷൻ അനുവദിക്കുന്നുണ്ട്.

## അവശ്യസൗകര്യങ്ങളില്ലാത്ത താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികൾ

* 120 [122] ശ്രീ. കെ. ടി. കുഞ്ഞൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. ആർ. ചന്ദ്രമോഹനൻ:
ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രക്തബാങ്കുകൾ, എക്സ്റേ യൂണിറ്റുകൾ, ആബുലൻസ് എന്നീ സൗകര്യങ്ങൾ ഇല്ലാത്ത എത്ര താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികൾ സംസ്ഥാനത്തുണ്ട്:

(ബി) ഏതെല്ലാം;

(സി) ഇവയിൽ ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) രക്തബാങ്കുകൾ ഇല്ലാത്ത 17-ഉം എക്സ്റേ യൂണിറ്റില്ലാത്ത 7-ഉം ആബുലൻസ് ഇല്ലാത്ത 28-ഉം താലൂക്ക് ആശുപത്രികൾ സംസ്ഥാനത്തുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly